ത്തണ്ടതെന്ന്

ക്കും?

മിനിട്ട് എന്നതായി കുട്ടാൻ അദ്ദേഹം നിർദേശിച്ചു. ഈ മാറ്റങ്ങൾ പായ്ക്കിംഗ് സമയത്തിന്റെ ഒരു ബോക്സിന് ഒരു മിനിട്ട് വെച്ച് കുറവ് വരുത്തി. ആവശ്യമായ ആകെ നിക്ഷേപം 1,20,000 രൂപ.

മാനേജ്മെന്റ് ഈ രണ്ട് പ്രൊപ്പോസലുകളും താരതമ്യം നടത്തി ഒരു മികച്ച നിർദേശം നൽകാൻ കോസ്റ്റ് എക്കൗണ്ടിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി. കോസ്റ്റ് എക്കൗണ്ടിംഗ് വിഭാഗം നടത്തിയ താരതമ്യം ടേബിൾ നാലിൽ നൽകിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ A ആയിരിക്കും സ്വാഭാവികമായും കമ്പനി തെരഞ്ഞെടുക്കുക. ചെലവും പ്രവർത്തന സമയവും കുറയ്ക്കുന്നു എന്നത് മാത്രമല്ല റോ മെറ്റീരിയൽ കോസ്റ്റ് കൂട്ടുന്നുമില്ല. എന്നാൽ പ്രൊപ്പോസൽ A നടപ്പിലാക്കുക വഴി കമ്പനിയുടെ ലാഭത്തിൽ ഒരു രൂപ പോലും കൂടുന്നില്ല എന്നത് നിങ്ങളെ അതിശയിപ്പിച്ചേക്കാം. ഇവിടുത്തെ കപ്പാസിറ്റി പായ്ക്കിംഗായതിനാൽ തന്നെ മിക്സിംഗ് സമയം കുറയ്ക്കുന്നത് കമ്പനിയെ കൂടുതൽ സോപ്പുകൾ വിൽക്കാൻ പ്രാപ്തമാക്കില്ല. മാത്രമല്ല, മിക്സിംഗ് സമയം ഓരോ ബോക്സിനും മൂന്നു മിനിട്ട് വീതം കുറഞ്ഞെങ്കിലും മിക്സിംഗ് മെഷീൻ പ്രവർത്തിക്കാൻ ഒരേ സമയം 10 ജോലിക്കാർ ആവശ്യമാണെന്നതിനാൽ ഒരാളെ പോലും പിരിച്ചു വിടാനും കഴിയില്ല. പ്രൊപ്പോസൽ B നടപ്പിലാക്കിയാൽ പായ്ക്കിംഗ് യന്ത്രത്തിന്റെ കപ്പാസിറ്റി കൂട്ടാം. X സോപ്പിന്റെ ഉൽപ്പാദനം 201 എന്നതിൽ നിന്ന് 238 എന്നതിലേക്ക് ഉയർത്താൻ കഴിയും. എട്ട് മണിക്കൂർ ഷിഫ്റ്റിൽ അതേ ജോലിക്കാർക്ക് തന്നെ അധിക അളവിലുള്ള ഉൽപ്പാദനം കൈകാര്യം ചെയ്യാൻ കഴിയും എന്നതിനാൽ മിക്സിംഗിന്റെ പ്രവർത്തന സമയം കുട്ടുന്നത് ജോലിക്കാരുടെ ചെലവ് കൂട്ടുന്നുമില്ല. റോ മെറ്റീരിയൽ കോസ്റ്റ് ഓരോ ബോക്സിനും 10 രൂപ വീതം കൂട്ടും എന്നതൊഴിച്ചാൽ കമ്പനിയുടെ പ്രതിമാസ ലാഭം ടേബിൾ അഞ്ചിൽ കാണുന്നതുപോലെ 4,27,820 രൂപയായി കൂടും.

ഇത്തരത്തിൽ കോസ്റ്റ് എക്കൗണ്ടിംഗ് നിർദേശത്തെ അവഗണിച്ചപ്പോൾ സോപ്പ് കമ്പനിയുടെ വാർഷിക ലാഭം 51,820 X 12 മാസം = 6,21,840 രൂപയായി. അതായത് രണ്ട് വർഷത്തിനുള്ളിൽ നിക്ഷേപത്തിൽ നിന്നുള്ള നേട്ടത്തിൽ 14 ശതമാനം വർധന. ■

Table 4 – Comparison of Proposals

Code	Item	Units	Proposal A -Reduction in Mixing Time	Proposal B - Reduction in Packing Time
A	Investment	Rs	100000	120000
B	Change in Mixing Time per Box	Minutes	-3	1
C	Change in Packing Time per Box	Minutes	0	-1
D	Change in Total Processing Time per Box	Minutes	-3	0
C	Saving in Labour Cost per month	Rs	21030	0
D	Increase in RM Cost per Box	Rs	0	10

Table 5 – Monthly Profitability of Soap Company after Implementing Proposal B – Reduction in Packing Time

Code	Item	Detail	Calculation	Rs
A	Revenue	Model X	238 boxes x Rs 3100	737800
B	Revenue	Model Y	500 boxes x Rs 3000	1500000
C	Total Revenue		A+B	2237800
D	Raw Material Cost	Model X	238 boxes x Rs 1510	359380
E	Raw Material Cost	Model Y	500 boxes x Rs 1610	805000
F	Total Raw Material Cost		D+E	1164380
G	Gross Profit		C-F	1073420
H	Labour Wages		30 workers x Rs 11520	345600
I	Overhead			300000
J	Profit		G-H-I	427820